19693
5/12/16

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - ഉയർന്ന മൂല്യമുള്ള നോട്ട് അസാധുവാക്കൽ - സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഗണിച്ച് സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം. 47/2016/സഹ　　തീയതി, തിരുവനന്തപുരം, 01/12/2016**

---

## ഉത്തരവ്

കേരളത്തിലൊട്ടാകെ കാർഷിക/കാർഷികേതര മേഖലകളിലായി 3648 സഹകരണ സംഘങ്ങളാണ് വായ്പാ വിതരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ 1551 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും, 75 പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, 36 ഫാർമേഴ്സ് സഹകരണ സംഘങ്ങളും, 38 റൂറൽ സഹകരണ ബാങ്കുകളും, 108 റൂറൽ സഹകരണ സംഘങ്ങളും ഉൾപ്പെടെ 304 അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങളും, 60 അർബൻ സഹകരണ ബാങ്കുകളും, 110 അർബൻ സഹകരണ സംഘങ്ങളും, 928 എംപ്ലോയീസ് സഹകരണ സംഘങ്ങളും, 296 ഹൗസിംഗ് സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു.

30.09.2016 ലെ കണക്കനുസരിച്ച് ഈ സംഘങ്ങളിലാകെയായി വായ്പാ ബാക്കി നിൽപ്പ് 87074.15 കോടി രൂപയാണ്. കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് 3% പലിശ സബ്സിഡി കേന്ദ്രസർക്കാർ അനുവദിച്ച് നൽകുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ 12 മാസം മുതൽ 18 മാസം വരെയുള്ള കാലാവധിക്കാണ് നൽകുന്നത്. റിസർവ് ബാങ്ക് പ്രഖ്യാപിച്ചിട്ടുള്ള നോട്ട് അസാധുവാക്കൽ നടപടികൾ കാർഷിക വായ്പ തിരിച്ചടവിനെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. കർഷകർക്ക് യഥാസമയം കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ പലിശ സബ്സിഡി ഇനത്തിൽ ലഭിക്കേണ്ടതായ ആനുകൂല്യം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം സംജാതമായിരിക്കുന്നു. സഹകരണ വകുപ്പ് വിവിധ ജില്ലകളിലായി കുടിശ്ശിക വായ്പാ തുക ഈടാക്കുന്നതിലേയ്ക്കായി റവന്യൂ റിക്കവറി നടപടികൾ നടത്തിവരുന്നുണ്ട്. ഇപ്രകാരം 511.64 കോടി രൂപയുടെ റവന്യൂ റിക്കവറി നടപടികളാണ് നടന്നുവരുന്നത്.

നോട്ട് അസാധുവാക്കൽ നടപടിയുടെ പശ്ചാത്തലത്തിൽ കൊമേഴ്ഷ്യൽ/നാഷണലൈസ്ഡ് ബാങ്കുകൾ വഴി നൽകിയ വായ്പകളുടെ തിരിച്ചടവിന് കേന്ദ്രസർക്കാർ രണ്ട് മാസത്തെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉയർന്ന മൂല്യമുള്ള നോട്ട് കേന്ദ്രസർക്കാർ അസാധുവാക്കിയത് വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും ഈ കാലയളവിലേക്ക് റവന്യൂ റിക്കവറി/ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും, ശിപാർശ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ സത്വരനടപടികൾ കൈക്കൊള്ളുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി. വേണുഗോപാൽ**
**സ്പെഷ്യൽ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
സഹകരണ (എ/സി/പി.എസ്) വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. മുഖ്യമന്ത്രിയുടെ പി.എസിന്
2. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസിന്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

സഹകരണ (ഒ.എസ്) വകുപ്പ്
01 DEC 2016
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

തീയതി : 30-11-2016.

E 1043888

ഇനം നം: 516
O.A.

വിഷയം : സഹകരണ വകുപ്പ് - ഉയർന്ന മൂല്യമുള്ള നോട്ട് അസാധുവാക്കൽ കേന്ദ്ര സർക്കാർ നടപടി - സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഹരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. /ഉയർന്ന മൂല്യമുള്ള നോട്ട് കേന്ദ്ര സർക്കാർ അസാധുവാക്കിയത് വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 2017 മാർച്ച് 31-വരെ മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും ഈ കാലയളവിലേയ്ക്ക് റവന്യൂ റിക്കവറി/ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു. ഇത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ സത്വര നടപടികൾ സഹകരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

AS
Issue G.O.
Today itself
1/12

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേന്ദ്രസർക്കാർഉയർന്ന മൂല്യമുള്ള ബാങ്ക് നോട്ട് അസാധുവാക്കിയതിലൂടെ സംസ്ഥാനത്തെ സഹകരണബാങ്കിംഗ് മേഖലയിൽവായ്പാ തിരിച്ചടവിന് വായ്പാക്കാർനേരിടുന്ന പ്രായോഗിക തടസം പരിഹരിക്കുന്നതിനെ മുൻനിർത്തിയാണ് ഈ കുറിപ്പ്.

31.03.2016 ലെ കണക്കനുസരിച്ച് കേരളത്തിലൊട്ടാകെ കാർഷിക/ കാർഷികേതര മേഖല കളിലായി 3648 സഹകരണ സംഘങ്ങളാണ് വായ്പാ വിതരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ 1551 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും, 75 പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, 36 ഫാർമേഴ്സ് സഹകരണ സംഘങ്ങളും, 38 റൂറൽ സഹകരണ ബാങ്കുകളും, 108 റൂറൽ സഹകരണ സംഘങ്ങളും ഉൾപ്പെടെ 304 അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങളും, 60 അർബൻ സഹകരണ ബാങ്കുകളും, 110 അർബൻ സഹകരണ സംഘങ്ങളും, 928 എംപ്ലോയീസ് സഹകരണ സംഘങ്ങളും, 296 ഹൗസിംഗ് സഹകരണസംഘങ്ങളും ഉൾപ്പെടുന്നു. കൂടാതെ 125 മറ്റ് വായ്പാ സംഘങ്ങളും അടക്കം ആകെ 11908 സഹകരണ സംഘങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

30.09.2016-ലെ കണക്കനുസരിച്ച് ഈ സംഘങ്ങളിലാകെയായി വായ്പാ ബാക്കി നില്പ് 87074.15 കോടി രൂപയാണ്. 2015-16 വർഷത്തിൽ കാർഷിക വായ്പായിനത്തിൽ വിതരണം ചെയ്തത് 4590.56 കോടി രൂപയാണ്.

കൃത്യമായി കാർഷിക വായ്പ തിരിച്ചടക്കുന്നവർക്ക് 3% പലിശ സബ്സിഡി കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ 12 മാസം മുതൽ 18 മാസം വരെയുള്ള കാലാവധിക്കാണ് നൽകുന്നത്. റിസർവ്വ് ബാങ്ക് പ്രഖ്യാപിച്ചിട്ടുള്ള നോട്ട് അസാധുവാക്കൽനടപടികൾ കാർഷിക വായ്പാ തിരിച്ചടവിനെ പ്രതികൂലമായി ബാധിച്ചിരി

ക്കുന്നു. കർഷകർക്ക് യഥാസമയം കാർഷിക വായ്പ തിരിച്ചടക്കാൻ കഴിയാത്ത സാഹചര്യത്തിൽ പലിശ സബ്സിഡി ഇനത്തിൽ ലഭിക്കേണ്ടതായ ആനുകൂല്യം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം സംജാതമായിരിക്കുന്നു. സഹകരണ വകുപ്പ് വിവിധ ജില്ലകളിലായി കുടിശ്ശിക വായ്പാ തുക ഈടാക്കുന്നതിലേക്കായി റവന്യൂ റിക്കവറി നടപടികൾ നടത്തിവരുന്നുണ്ട്. ഇപ്രകാരം 511.64 കോടി രൂപയുടെ റവന്യൂ റിക്കവറി നടപടികളാണ് നടന്നുവരുന്നത്.

നോട്ട് അസാധുവാക്കൽനടപടിയുടെ പശ്ചാത്തലത്തിൽ കൊമേഴ്സ്യൽ/നാഷണലൈസ്ഡ് ബാങ്കുകൾ വഴി നൽകിയ വായ്പകളുടെ തിരിച്ചടവിന് കേന്ദ്ര സർക്കാർ രണ്ട് മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ആനുകൂല്യം സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്കും അനുവദിക്കാവുന്നതാണ്.

## തീരുമാനിക്കേണ്ട സംഗതി

നോട്ട് അസാധുവാക്കൽനടപടിയെ തുടർന്ന് വായ്പാ തുക തിരിച്ചടക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് രണ്ടുമാസകാലയളവിലെ മൊറട്ടോറിയം പ്രഖ്യാപിക്കാമോ? ഈ രണ്ട് മാസക്കാലയളവിൽറവന്യൂ റിക്കവറി നടപടികളും ജപ്തി നടപടികളും നിർത്തിവെക്കാമോ?

കടകംപള്ളി സുരേന്ദ്രൻ